ഉത്തരം

(എ) 13 അദ്ധ്യാപകർ പെൻഷൻ പറ്റിയിട്ടുണ്ട്.

(ബി) ടി തസ്തികയിൽ സീനിയോറിറ്റി അനുസരിച്ച് പ്രൊമോഷൻ കൊടുത്ത ശേഷം 51 A Claiment-ൽ പുറത്തുനിന്ന 9 അദ്ധ്യാപകരെ പ്രവേശിപ്പിച്ചു.

(സി) എട്ടുപേർ പെൻഷനാകാനുണ്ട്.

പെരുമ്പടപ്പ് ശാസ്താക്ഷേത്രത്തിൽ ശബരിമല തീർത്ഥാടകർക്ക് ഇടത്താവളം

284 (556) ശ്രീ. സി. എം. ദിനേശ്മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി ദേവസ്വം ബോർഡിന്റെ കീഴിലുള്ള പെരുമ്പടപ്പ് കോതകുളങ്ങര ശാസ്താക്ഷേത്രത്തിൽ ശബരിമല തീർത്ഥാടകർക്കായി ഇടത്താവളം ഒരുക്കുന്ന പ്രോജക്ട് പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അഴകിയകാവ് ദേവസ്വത്തിന് കീഴിലുള്ള കോതകുളങ്ങര ക്ഷേത്രത്തോടനുബന്ധിച്ച് ശബരിമല തീർത്ഥാടകർക്ക് വിരിവയ്ക്കുന്നതിനും മറ്റുമുള്ള സൗകര്യങ്ങൾ ഉൾപ്പെടുത്തി സംവിധാനം ഉണ്ടാക്കുന്നതിനുവേണ്ടി കെട്ടിടത്തിന്റെ പ്ലാൻ സഹിതം പിൽഗ്രിം ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എറണാകുളം ഡിറ്റിപിസി സെക്രട്ടറിക്ക് കൊച്ചിൻ ദേവസ്വം ബോർഡ് 6-9-2010-ന് ഒരു പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

കായംകുളത്തെ ക്ഷേത്രങ്ങളുടെ അറ്റകുറ്റപ്പണികൾ

285 (557) ശ്രീ. സി. കെ. സദാശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം പുതിയിടം ശ്രീകൃഷ്ണ സ്വാമിക്ഷേത്രത്തിന്റെ ശോചനീയാവസ്ഥയെക്കുറിച്ച് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) കായംകുളം എരുവ ക്ഷേത്രത്തിലെ ഇലക്ട്രിഫിക്കേഷൻ പണികളും, ദേവസ്വം കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികളും ചെയ്യേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇലക്ട്രിഫിക്കേഷനും, ദേവസ്വം കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികളും നടത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഇതിന്റെ അറ്റകുറ്റപ്പണികൾ എന്നേക്ക് നടപ്പിലാകും എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ഈ ക്ഷേത്രത്തിന്റെ ശ്രീകോവിൽ ചെമ്പ് പണിയുന്ന ജോലിക്കായി എഗ്രിമെന്റ് വയ്ക്കുകയും പണി ഉടൻ തുടങ്ങുന്നതാണെന്നും പ്രസ്തുത ദേവസ്വത്തിലെ ഗീതോപദേശ ഗോപുരത്തിന്റെ അറ്റകുറ്റപ്പണികൾ, കുളപ്പുരയുടെ ചുറ്റും ഗ്രിൽ സ്ഥാപിക്കുന്നതിന്റെ പണി ഓടയുടെ പണി തുടങ്ങിയവയ്ക്കായി കരാർ അനുവദിച്ചിട്ടുണ്ടെന്നും ദേവസ്വം ബോർഡ് ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

(ബി&സി) ഉണ്ട്. എരുവ ക്ഷേത്രത്തിലെ റിവയറിംഗ് ജോലികളുടെ എസ്റ്റിമേറ്റ് തയ്യാറായിട്ടുള്ളതും അത് ബോർഡിന്റെ അനുവാദത്തിനായി ഉടൻ സമർപ്പിക്കുമെന്നും ദേവസ്വം ഓഫീസിന്റെ അറ്റകുറ്റപ്പണികൾക്കായി കരാർ അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത ദേവസ്വത്തിന്റെ വിവിധ പണികൾ എത്രയും വേഗം നടപ്പിലാക്കുന്നതാണെന്നും ദേവസ്വം ബോർഡ് ചീഫ് എൻജിനീയർ അറിയിച്ചിട്ടുണ്ട്.

പാലക്കാട് ടിപ്പു സുൽത്താൻ കോട്ടയ്ക്കകത്തുള്ള ഹനുമാൻ ക്ഷേത്രത്തിന്റെ നടത്തിപ്പ്

288 (അ) ശ്രീ. കെ. കെ. നീവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പലക്കാട് ടിപ്പു സുൽത്താൻ കോട്ടയ്ക്കകത്തുള്ള ഹനുമാൻ ക്ഷേത്രത്തിന്റെ നടത്തിപ്പ് ഇപ്പോൾ ആർക്കാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ക്ഷേത്രം മലബാർ ദേവസ്വം ബോർഡ് ഏറ്റെടുക്കുവാൻ ഉത്തരവായിട്ടുണ്ടോ;

(സി) ക്ഷേത്രം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) ക്ഷേത്രം സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ആർക്കാണ്;

(ഇ) അവർ ചുമതലപ്പെടുത്തിയവരാണോ ക്ഷേത്രമെന്നും നടത്തി വന്നിരുന്നത് എന്നറിയിക്കുമോ. അല്ലെങ്കിൽ എന്തടിസ്ഥാനത്തിലാണ് ഭാരവാഹികൾ ക്ഷേത്ര ഭരണം നടത്തി വന്നിരുന്നത്;

(എഫ്) കഴിഞ്ഞ കാലങ്ങളിലെ ക്ഷേത്രത്തിന്റെ വരവു-ചെലവ് കണക്കുകൾ സർക്കാർ ഏജൻസികൾ ആഡിറ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ;

(ജി) ക്ഷേത്രഫണ്ട് വ്യക്തികളോ സംഘടനകളോ ദുരുപയോഗം ചെയ്തിട്ടുണ്ട് എങ്കിൽ ആയത് തിരിച്ചുപിടിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly